LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 1367.88 ഹെക്ടർ വിസ്തൃതിയിൽ 8165 എണ്ണം പൊതുകുളങ്ങളിൽ 68.39 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കഴിഞ്ഞു. ഇതിനു പുറമേ ഈ സാമ്പത്തിക വർഷം പുതുതായി 210 ഹെക്ടർ വിസ്തൃതിയിൽ പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന പൊതുകുളങ്ങളിൽ അനുയോജ്യമായിടത്തെല്ലാം അടുത്ത സാമ്പത്തിക വർഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതായിരിക്കും. എന്നാൽ പുഴയെ ആശ്രയിച്ച് മത്സ്യബന്ധനം നടത്തി ഉപജീവനം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും പുഴകളിലെ മത്സ്യസമ്പത്തിന്റെ വർദ്ധനവും ലക്ഷ്യമിട്ടാണ് പുഴകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നത്.

**പൂവാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ പുലിമുട്ട് നിർമ്മാണം**

284(590) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ പൂവാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കടലാക്രമണ ഭീഷണി നേരിടാൻ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കടലാക്രമണം തടയുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഹാർബറുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ തീരസംരക്ഷണം മാത്രമാണ് വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നത്.

**അഴീക്കൽ ബീച്ചിന്റെ വികസനം**

285(591) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി മണ്ഡലത്തിലെ അഴീക്കൽ ബീച്ചിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ അഴീക്കൽ ബീച്ചിന്റെ വികസനത്തിനായി ഫിഷറീസ് വകുപ്പ് മുഖേന പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.